# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 3567/25 തിയ്യതി : 27.06.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

സുരേഷ് ശ്രീകണ്ഠൻ
EL 37/380
S2 വെസ്റ്റ് പാർക്ക് അപ്പാർട്ട്മെന്റ്സ് (പെന്റാർക്ക്) പരാതിക്കാരൻ
ചക്കാമുക്ക്, കോട്ടപ്പുറം റോഡ്
തൃശ്ശൂർ - 680 002.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

11483 – C എന്ന കൺസ്യൂമർ നമ്പറിലെ 21.05.2025 ലെ ബിൽ തുക കൂടുതലാണെന്നും ആയതിനാൽ മീറ്റർ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനുമാണ് പരാതി.

**ഫോറത്തിൻെറ നടപടികൾ :**

24.05.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ലൈസൻസിയോട് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടു. 27.06.2025 ൽ ഫോറം ചേർന്ന് പരാതി പരിശോധിച്ചു.

**വിഷയത്തിൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം പരിധിയിൽ 24/333/10 എന്ന കെട്ടിട നമ്പറിൽ നൽകിയിട്ടുളള **11483 - C** എന്ന വൈദ്യുതി കണക്ഷനിൽ 21.05.2025 ൽ നൽകിയ ബിൽ കൂടുതലാണെന്നും പരാതി സി.ജി.ആർ.എഫിൽ നൽകുകയും സി.ജി.ആർ.എഫ് നിർദ്ദേശപ്രകാരം മേൽ മീറ്റർ പരിശോധിക്കുന്നതിനായി 17.06.2025 ന് ചെക്ക് മീറ്റർ സ്ഥാപിക്കുകയും ചെയ്തു. മീറ്റർ സ്ഥാപിച്ച സമയം നിലവിലെ മീറ്റർ റീഡിങ്ങ് 10873.1 ഉം ചെക്ക് മീറ്റർ റീഡിങ്ങ് 49230.3 ആണ്. തുടർന്ന് 23.06.2025 ന് പരിശോധന അവസാനിപ്പിച്ച് ചെക്ക് മീറ്റർ അഴിച്ചെടുത്ത് നിലവിലെ മീറ്റർ റീഡിങ്ങ് ടി സമയം 10912.1 ഉം ചെക്ക് മീറ്റർ റീഡിംഗ് 49269.8 ആണ്. മീറ്റർ പരിശോധനയിൽ രണ്ട്

മീറ്ററിൻെറയും റീഡിംഗ് തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലാത്തതാണ്. ആയതിനാൽ നിലവിൽ ഉപഭോക്താവിന് വൈദ്യുതി നൽകുന്നതിന് ഉപയോഗിക്കുന്ന മീറ്ററിന് തകരാർ ഇല്ല എന്ന് റിപ്പോർട്ട് ചെയ്തു കൊളളുന്നു.

**ഫോറത്തിൻെറ നിഗമനം :**

സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം മീറ്ററിൽ അപാകത ഇല്ലാത്തതിനാൽ ഉപഭോക്താവിൻെറ ശരിയായ ഉപയോഗത്തിനാണ് ബില്ല് നൽകിയിരിക്കുന്നത്. ഒരു വർഷത്തെ ബില്ലുകൾ പരിശോധിച്ചതിൽ നിന്ന് കഴിഞ്ഞ വർഷത്തിൽ ഇതേ കാലഘട്ടത്തിൽ ഉയർന്ന ഉപയോഗം തന്നെയാണ് രേഖപ്പെടുത്തിയിട്ടുളളതെന്ന് കണ്ടെത്തി.

| ക്രമ നം. | ബിൽ തിയ്യതി | ഉപയോഗിച്ച യൂണിറ്റ് | ബിൽ തുക |
|---|---|---|---|
| 1 | 20.05.2024 | 847 | 8,027/- |
| 2 | 22.07.2024 | 452 | 2,990/- |
| 3 | 21.09.2024 | 403 | 2,668/- |
| 4 | 15.11.2024 | 609 | 5,423/- |
| 5 | 20.01.2025 | 650 | 5,758/- |
| 6 | 20.03.2025 | 553 | 4,635/- |
| 7 | 21.05.2025 | 806 | 8,063/- |

**ഉത്തരവ് നടപടികൾ :**

ബന്ധപ്പെട്ട സെക്ഷനിൽ നിന്നും മീറ്റർ (ചെക്ക് മീറ്റർ വഴി) പരിശോധിച്ചതിൽ മീറ്ററിന് തകരാറില്ല എന്ന് കണ്ടെത്തിയതിനാൽ പരാതിക്കാരൻ ബിൽ തുക അടവാക്കേണ്ടതാണ് എന്ന് ഉത്തരവാകുന്നു.

**അഡ്വ. അസിയ.പി.കെ**
മെമ്പർ

**വിനുകൃഷ്ണൻ.കെ**
മെമ്പർ

**ടി.എസ്. ജോസ്**
ചെയർപേഴ്സൺ